

# നോമ്പുകാലത്തിന്റെ ചരിത്രവും പ്രസക്തിയും

സീറോമലബാർ ആരാധനാവത്സരത്തിലെ മൂന്നാമത്തെ കാലമാണ് നോമ്പുകാലം. ഉയിർപ്പുതിരുനാളിനുമുമ്പുള്ള ഈ ഏഴ് ആഴ്ചകൾ പ്രാർഥനയ്ക്കും ഉപവാസത്തിനും മാനസാന്തരത്തിനുമായി പ്രത്യേകം നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു. തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പായി ഈശോ നാല്പതുദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ചതാണ് (മത്താ 4:2) വലിയ നോമ്പിന്റെ അടിസ്ഥാനം. എങ്കിലും സീറോമലബാർ ക്രിസ്ത്യാനികൾ പേത്തുർത്താ ഞായർ തുടങ്ങി ഉയിർപ്പുഞായർവരെയുള്ള അമ്പതുദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നതു കൊണ്ടാണ് ഇത് അമ്പതുനോമ്പ് എന്നറിയപ്പെടുന്നത്. ലൗകികമായ സന്തോഷങ്ങൾ ഉപേക്ഷിച്ച് മിശിഹായിലേക്കു തിരിയാൻ നോമ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു. മിശിഹായുടെ രക്ഷാരഹസ്യങ്ങളായ പീഡാനുഭവം, കുരിശുമരണം, സംസ്കാരം എന്നിവവഴി നാഥനുമായി താദാത്മ്യപ്പെടുവാൻ നോമ്പുകാലം നമ്മെ പ്രചോദിപ്പിക്കുന്നു.

ആദിമകാലത്ത് നോമ്പുകാലം എത്രദിവസമെന്ന് കൃത്യമായി നിജപ്പെടുത്തിയിരുന്നില്ല. പീഡാനുഭവവെള്ളി, വലിയശനി എന്നീദിവസങ്ങളിലെ നോമ്പാചരണത്തെക്കുറിച്ച് തെർത്തുല്യൻ പ്രസ്താവിക്കുന്നുണ്ട്. മൂന്നാം നൂറ്റാണ്ടായപ്പോഴേക്കും വലിയആഴ്ചമുഴുവനും നോമ്പാചരിക്കാൻ തുടങ്ങി. ഉയിർപ്പുതിരുനാളിനു മുമ്പുള്ള നാല്പതുദിവസത്തെ നോമ്പാചരണത്തെക്കുറിച്ച് വിശുദ്ധ അത്തനേഷ്യസ് പ്രസ്താവിക്കുന്നുണ്ട്. സ്പെയിനിൽ, വിശ്വാസികൾ തുടർച്ചയായി നാല്പതുദിവസങ്ങളിലും ജറുസലേമിൽ, എട്ട്ആഴ്ചകളിലും നോമ്പാചരിച്ചിരുന്നതായി എജേറിയാ സാക്ഷ്യപ്പെടുത്തുന്നു. അമ്പതുദിവസം നോമ്പ് ആചരിച്ച് ഉയിർപ്പുതിരുനാളിനൊരുങ്ങുന്ന പാരമ്പര്യമാണ് പൗരസ്ത്യസുറിയാനിസഭയിലുള്ളത്.

വലിയ നോമ്പുകാലത്തിലെ ഏഴാമത്തെ ഞായറാഴ്ചയാണ് കർത്താവിന്റെ മഹത്ത്വപൂർണമായ ഓറെശ്ലേംപ്രവേശനം അനുസ്മരിക്കുന്ന ഓശാനഞായർ ആഘോഷിക്കുന്നത്. അതോടുകൂടിയാണ് നമ്മൾ പീഡാനുഭവആഴ്ചയുടെ ആചരണത്തിന് തുടക്കം കുറിക്കുന്നത്. ഈ ആഴ്ചയിലെ തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം എന്നി ദിവസങ്ങൾകൊണ്ട് നാല്പതുദിവസത്തെ വലിയ നോമ്പാചരണം പൂർത്തിയാക്കി പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുഞായർ എന്നി ദിവസങ്ങളിലൂടെ പെസഹായുടെ ത്രിദിനം ആഘോഷിക്കുന്നു (Paschal Triduum). പെസഹാവ്യാഴാഴ്ചയിലെ റംശയുടെ പ്രാർഥനയോടുകൂടിയാണ് പെസഹാ ത്രിദിനാചരണത്തിന് തുടക്കം കുറിക്കുന്നത്. പെസഹാ വ്യാഴാഴ്ച മാർ നെസ്തോറിയസിന്റെ കൂദാശക്രമം ഉപയോഗിച്ച് വിശുദ്ധ കുർബാനയർപ്പിക്കുന്നത് സീറോമലബാർ സഭയുടെ കൂട്ടായ്മയെയും വിശ്വാസജീവിതത്തെയും ത്വരിതപ്പെടുത്തുവാൻ സഹായകരമാണ്. തുടർന്ന് കർത്താവിന്റെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവ അനുസ്മരിച്ച്, വലിയശനിയാഴ്ചയിലെ ജാഗരണശുശ്രൂഷയിലെ പരിശുദ്ധകുർബാനയുടെ ആഘോഷത്തോടുകൂടി പെസഹായുടെ ത്രിദിനാചരണം സമാപിക്കുന്നു.

കർത്താവിന്റെ പെസഹാത്തിരുനാളിന് ഒരുക്കമായിട്ടാണ് സഭ നാല്പതുദിവസത്തെ വലിയനോമ്പ് ആചരിക്കുന്നത്. പൗരസ്ത്യസുറിയാനി ആരാധനക്രമമനുസരിച്ച് നാല്പതുദിവസത്തെ നോമ്പ് പൂർത്തിയാകുന്നത് പെസഹാവ്യാഴാഴ്ചയിലെ മദ്ധ്യാഹ്നപ്രാർഥന(എന്ദാന)യോടുകൂടിയാണ്. തന്മൂലം തിരുവത്താഴശുശ്രൂഷയും കാലുകഴുകൽശുശ്രൂഷയും പെസഹാവ്യാഴാഴ്ചയിലെ സായാഹ്നപ്രാർഥനയോടുകൂടി

www.malankaralibrary.com

നടത്തുന്നതാണ് കൂടുതൽ അർഥപൂർണമായിട്ടുള്ളത്. ഇസ്രായേൽക്കാർ പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിച്ചത് സായാഹ്നത്തിലായിരുന്നു (പുറ 12:6). കൂടാതെ ഈശോയുടെ തിരുവത്താഴം സന്ധ്യയോടുകൂടിയായിരുന്നുവെന്ന് സമവീക്ഷണസുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു (മത്താ 26:20, മർക്കോ 14:17, ലൂക്കാ 22:14).

ഈശോയുടെ പീഡാനുഭവത്തിലേക്കും ഉത്ഥാനത്തിലേക്കും യോഗ്യതാപൂർവം പ്രവേശിക്കുവാൻ നമ്മെ ഒരുക്കുകയെന്നതാണ് നോമ്പുകാലപ്രാർഥനകളുടെയും ഗീതങ്ങളുടെയും കർമങ്ങളുടെയും ലക്ഷ്യം. ഈശോയുടെ പീഡാനുഭവവും സഹനവും മരണവും ഫലമണിയുന്നത് ഉത്ഥാനത്തിലാണ്. ഇക്കാലത്തുള്ള നോമ്പും ഉപവാസവും ആത്മീയനവീകരണത്തിലേക്കും സുവിശേഷാത്മക ആനന്ദത്തിലേയ്ക്കും നമ്മെ കൈപിടിച്ചുയർത്തുന്നു. നീ മാംസം ഭക്ഷിക്കാതിരിക്കുകയും വിമർശനവും അപവാദങ്ങളുംവഴി നിന്റെ സഹോദരനെ വിഴുങ്ങുകയും ചെയ്താൽ നീ അനുഷ്ഠിക്കുന്ന നോമ്പിന് പ്രയോജനമുണ്ടാവുകയില്ലെന്ന് വിശുദ്ധ ബേസിൽ ഓർമിപ്പിക്കുന്നു. പ്രാർഥനയുമായി സംയോജിക്കാത്ത ഉപവാസം ഫലം പുറപ്പെടുവിക്കുകയില്ല. പ്രാർഥനയും ഉപവാസവുംവഴിയല്ലാതെ പിശാചുക്കളെ പുറത്താക്കാൻ പറ്റുകയില്ലെന്നാണ് ഈശോ നമ്മെ ഓർമിപ്പിക്കുന്നത് (മത്താ17:21). ആയതിനാൽ പ്രാർഥനവഴി മിശിഹായുടെ രക്ഷാരഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുവാനും ഉപവാസംവഴി പ്രലോഭനങ്ങളെ കീഴടക്കുവാനും ജീവിതനവീകരണംവഴി ഉയിർപ്പിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും നമുക്കു പരിശ്രമിക്കാം.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
സെക്രട്ടറി, സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്
കാക്കനാട്.

www.malankaralibrary.com